GOVERNMENT OF KERALA

സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ് - തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് - ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2005-2006 - സർക്കാർ അനുമതിയില്ലാതെ വിമാനയാത്ര നടത്തിയത് - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്

സ.ഉ (സാധാ) നം. 1004/12/തസ്വഭവ — തിരുവനന്തപുരം, തീയതി: 31.03.2012.

---

പരാമർശം - 1. മലപ്പുറം ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 4.10.2010-ലെ എൽ.എഫ്.എം/17/276/10 നമ്പർ കത്ത്.

2. തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്തിന്റെ 7.5.11, 21.6.11 എന്നീ തീയതികളിലെ ഇ. 2032/09 നമ്പർ കത്ത്.

3. ഗ്രാമവികസന കമ്മിഷണറുടെ 30.1.12-ലെ 28506/ഡി.പി3/2011/ഗ്രാ.വി.ക നമ്പർ കത്ത്.

## ഉത്തരവ്

തിരുരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് മുഖേന, വിഷൻ 2020 എന്ന പേരിൽ 2005 നവംബർ 12, 13 തീയതികളിലായി നടന്ന നാഷണൽ വർക്ക് ഷോപ്പിലേക്ക് 69 കോടി രൂപയുള്ള **'പുര'** എന്ന പദ്ധതി റിപ്പോർട്ട് ബഹു: ഇന്ത്യൻ യൂണിയൻ പ്രസിഡണ്ടിന് സമർപ്പിക്കുന്നതിനായി ആ കാലയളവിലെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ആയിരുന്ന ശ്രീ.എം.എ.ഖാദർ 11.11.05-ന് ഡൽഹിയിലേയ്ക്കും 16.11.2005-ന് തിരിച്ചും യാത്ര ചെയ്തതിന് എയർ ടിക്കറ്റ് ഇനത്തിൽ 35970/- രൂപ ഓവർസീസ് ഡവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ട്രാവൽ ഡിവിഷൻ, തിരുവനന്തപുരം-ത്തിന് നല്കുന്നതിന് 2005-06 വർഷം ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് നല്കിയിരുന്നു.

സർക്കാർ അനുമതിയില്ലാതെ വിമാനയാത്ര ചെയ്ത നടപടിയ്ക്ക് ചെലവാക്കിയ 35970/- രൂപ തനത് ഫണ്ടിൽ തിരിച്ചടയ്ക്കണമെന്ന് പരാമർശം -1 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് നിർദ്ദേശിക്കുകയും സർക്കാർ അനുമതി ലഭ്യമാക്കണമെന്ന് ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെടുകയും ചെയ്തു. ഇതിന്റെയടിസ്ഥാനത്തിൽ പരാമർശം 2,3 എന്നിവ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സാധൂകരണത്തിനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരൂരങ്ങാടി ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച **'പുര'** പദ്ധതിക്കുള്ള

പ്രോജക്ട് നേരിട്ട് ഇന്ത്യൻ പ്രസിഡണ്ടിനു സമർപ്പിക്കുന്നതു സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനു വിളിച്ചു ചേർത്ത യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വാക്കാൽ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ വിമാനയാത്ര നടത്തിയതിനും ആയതിന് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 35970/- രൂപ ചെലവാക്കിയ ബ്ലോക്ക് പഞ്ചായത്തിന്റെ നടപടിയ്ക്കും സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി.ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്, തിരൂരങ്ങാടി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ) , തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ഐ.കെ.എം, പ്രതീക്ഷ, പാങ്ങപ്പാറ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി,

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.